## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1983 — 22-01-2014-ൽ മറുപടിക്ക്.

### വ്യാജവാറ്റും അനധികൃത മദ്യവില്പനയും

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>" പി. റ്റി. എ. റഹീം:<br>" പുരുഷൻ കടലുണ്ടി:<br>" കെ. കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) വ്യാജവാറ്റും സെക്കന്റ്സ് എന്ന പേരിലുള്ള അനധികൃത മദ്യവില്പനയും വ്യാപകമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യാജ വിദേശമദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം മദ്യവില്പനയിൽ കുറവുണ്ടായതിന്റെ കാരണം ഇതു കൂടിയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) ശക്തമായ ബോധവൽക്കരണത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യവർജ്ജനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. എക്സൈസ് വകുപ്പ് നടത്തിവരുന്ന ശക്തവും ഫലപ്രദവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെയും, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനത്തിന്റെയും ഫലമായാണ് മദ്യവില്പനയിലും ഉപഭോഗത്തിലും ഗണ്യമായ കുറവുണ്ടായിട്ടുള്ളത്. |
| (സി) വ്യാജവാറ്റും സെക്കന്റ്സ് വില്പനയും അനധികൃത സ്പിരിറ്റ് കടത്തും നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ ഇല്ലാത്തത് എന്തുകൊണ്ടാണ്; സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥത അവസാനിപ്പിക്കാമോ; | (സി) കാര്യക്ഷമമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, റെയ്ഡുകളും, രാത്രികാല പട്രോളിംഗും നടത്തുന്നതിന്റെ ഫലമായി, വ്യാജവാറ്റും സെക്കന്റ്സ് വില്പനയും അനധികൃത സ്പിരിറ്റ് കടത്തും ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, നിരവധി കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) അനധികൃത മദ്യവില്പനയിലൂടെ ടാക്സ് വെട്ടിപ്പ് നടത്തുന്ന ലോബിയും അവർ വളർത്തിയെടുത്ത ഗുണ്ടാസംഘങ്ങളും എക്സൈസ് അധികൃതരും തമ്മിലുള്ള അവിശുദ്ധ ബന്ധവും ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ? | (ഡി) സ്പിരിറ്റ് ലോബിയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രിവന്റീവ് ഓഫീസറെ അറസ്റ്റ് ചെയ്യുകയും, സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ